(ബി) ഇതുസംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) പ്രതിവർഷം 2000 യൂണിറ്റോ അതിലധികമോ രക്തം ആവശ്യമുള്ള ആശുപത്രികളിൽ മാത്രം രക്ത ബാങ്കുകൾ തുടങ്ങുകയും രക്തം ആവശ്യമുള്ള മറ്റ് ആശുപത്രികളിൽ ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ തുടങ്ങുകയും വേണം എന്നാണ് നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം പുതിയതായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്കാശുപത്രികളിലുമായി 16 ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ 8 ആശുപത്രികൾ ഇതിനോടകം ഡ്രഗ്സ് കൺട്രോളർക്ക് അപേക്ഷ സമർപ്പിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളും ബ്ലഡ് സ്റ്റോറേജ് സെന്ററുകളും നവീകരിക്കുന്നതിനും പുതിയതായി ബ്ലഡ് സ്റ്റോറേജ് സെന്ററുകൾ ആരംഭിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ബ്ലഡ് ബാങ്കുകൾ ആരംഭിക്കാത്ത താലൂക്ക് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

രക്ത സാമ്പിളുകൾ

48 (6200) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സക്കെത്തുന്ന രോഗികളുടെ രക്ത പരിശോധനയ്ക്കായി രക്ത സാമ്പിളുകൾ എടുക്കാൻ നഴ്സുമാരും ജൂനിയർ ഡോക്ടർമാരും തയ്യാറാകാത്തതുമൂലം രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ എൻ. ആർ. എച്ച്. എം. ഫണ്ടിൽ നിന്നും വേതനം നൽകി നിയമിച്ചിരുന്ന ലാബ് ടെക്നീഷ്യൻമാരെ പിരിച്ചു വിട്ടതു മൂലം ഉണ്ടായ ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് പിരിച്ചു വിടപ്പെട്ട ലാബ് ടെക്നീഷ്യൻമാരെ തിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിലുള്ള ആശുപത്രികളിൽ ബന്ധപ്പെട്ട ജീവനക്കാർക്കെല്ലാം രക്ത പരിശോധനയ്ക്കായി രക്തം ശേഖരിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രക്ത സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഡി.എം.എൽ.ടി. കോഴ്സ് പാസ്സായവരെ ആശുപത്രി വികസന സമിതി മുഖേന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ഒരു ബ്ലഡ് കളക്ഷൻ സെന്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എൻ.ആർ.എച്ച്.എം.-ന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു എന്ന കാരണത്താലാണ് ഈ ജീവനക്കാരെ നിലനിർത്താൻ കഴിയാതെ വന്നത്. തിരുവനന്തപുരം കണ്ണാശുപത്രിയിൽ ഇപ്രകാരം പിരിച്ചുവിട്ട രണ്ട് ലാബ് ടെക്നീഷ്യൻമാരിൽ ഒരാളെ എച്ച്.ഡി.എസ്-ൽ നിന്നും ദിവസ വേതന വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്.

വെക്ടർ കൺട്രോൾ യൂണിറ്റുകൾ

49 (6202) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ; ഈ യൂണിറ്റിന്റെ തലവൻ ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും വെക്ടർ യൂണിറ്റിന്റെ ആസ്ഥാനം ജില്ലാ മെഡിക്കൽ ഓഫീസ് ആണോ എന്നും വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലയിലെ വെക്ടർ യൂണിറ്റുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ജീവനക്കാർ പുതുതായി നിയമിക്കപ്പെട്ടവരാണോ അതോ മന്തുരോഗ നിയന്ത്രണ യൂണിറ്റിൽ നിലവിലുള്ള ജീവനക്കാരാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) മന്തുരോഗ നിയന്ത്രണ യൂണിറ്റിന്റെ ഓരോ ജില്ലയിലെയും ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ആരാണെന്ന് വ്യക്തമാക്കുമോ ; ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴസിംഗ് ഓഫീസർ ആരാണെന്നും ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്നും വ്യക്തമാക്കുമോ ;

(ജി) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly